No.Icps5/15106/16

സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷ ൻ സൊസൈറ്റി
പൂജപ്പുര, തിരുവനന്തപുരം
തീയതി:29.04.2017

# സർക്കുലർ

വിഷയം:- ഐ.സി.പി.എസ്- ജെ ജെ ഹോം- കൗൺസിലർ-ലീവ് സംബന്ധിച്ച്

പരാമർശം :-ഈ ഓഫീസിലെ 01.07.2015 ലെ സർക്കുലർ

സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ കീഴിലുള്ള ജെ ജെ ഹോമുകളിൽ കരാർ അടിസ്ഥാനത്തിൽ കൗൺസിലർമാരെ നിയമിക്കുന്നതിനു പരമാർശം പ്രകാരം നിർദേശം നൽകിയിരുന്നു. കൗൺസിലറർമാരുടെ പ്രവർത്തി സമയം പ്രവർത്തി ദിവസങ്ങളിൽ ഉച്ചയ്ക്ക് 2 മണി മുതൽ 8 വരെയും.അവധി ദിവസങ്ങളിൽ രാവിലെ 10 മുതൽ 4 മണി വരെയുമാണ്.കൗൺസിലറർമാരുടെ ലീവ് സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

.......................................................................................................

1. ജെ ജെ ഹോം കൗൺസിലർമാർ തുടർച്ചയായി 6 ദിവസം പ്രവർത്തിയെടുത്താൽ അവർക്ക് അടുത്ത ദിവസം ഒരു വീക്ക് ലി ഓഫ് നൽകാവുന്നതാണ്.
2. തിരുവോണം,റംസാൻ,ക്രിസ്മസ്,വിഷു എന്നീ അവധി ദിവസങ്ങളിൽ ജെ ജെ കൗൺസിലർമാർക്കും അവധി നൽകാം.
3. ഇതൊഴികെയുള്ള പൊതു അവധി ദിവസങ്ങളിൽ കൗൺസിലർമാർ ഡ്യൂട്ടിയിൽ ഹാജരാകണം.പകരം കോമ്പൻസേറ്റീവ് ലീവ് അനുവദിയ്ക്കാം.എന്നാൽ കോമ്പൻസേറ്റീവ് ലീവ് ഒരു വർഷം 15 ദിവസത്തിൽ കവിയാൻ പാടില്ല
4. വീക്ക് ലി ഓഫ്,കോമ്പൻസേറ്റീവ് ലീവ് ,ക്വാഷൽ ലീവ് തുടങ്ങിയവ തുടർച്ചയായി അനുവദിക്കാൻ പാടില്ല.
5. ക്വാഷൽ ലീവ് ,ഏൺഡ് ലീവ് എന്നിവ KSR റൂൾ പ്രകാരം കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്കുള്ളതുപോലെ അനുവദനീയമാണ്.
6. കൗൺസിലറുടെ ഹാജർ,വേതനം എന്നിവ ബന്ധപ്പെട്ട രജിസ്റ്ററുകളിലും,ലീവ് സംബന്ധിച്ചുള്ള വിവരങ്ങൾ സർവീസ് ബുക്കിലും അതാതു സൂപ്രണ്ടുമാർ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

സാമൂഹ്യ നീതി ഡയറക്ടർക്കു വേണ്ടി

എല്ലാ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാർക്കും

എല്ലാ ജെ ജെ ഹോം സൂപ്രണ്ടുമാർക്കും

പകർപ്പ്:-

1. ICPS-4
2. സ്റ്റോക്ക് ഫയൽ